بسم الله الرحمن الرحيم

ഈദ് ഖുത്വ്ബ
ഈദ് ഗാഹ് ഖാദിയാൻ
02/11/1940

# ഈദുൽ ഫിത്ര് നൽകുന്ന സന്ദേശം

റമദാൻ വിടപറയുകയും പെരുന്നാൾ സുദിനം സമാഗതമാവുകയും ചെയ്തിരിക്കുകയാണ്. അല്ലാഹുതആലാ അയക്കുന്ന റമദാൻ അവസാനിക്കുകയും തന്റെ അടിയാറുകൾക്കായി അവൻ ഈദുകൾ (സന്തോഷസുദിനങ്ങൾ) അയക്കുകയും ചെയ്യുന്നു. അല്ലാഹു തന്റെ ദാസർക്കായി നൽകിയിരിക്കുന്ന സുദീർഘമായ പരീക്ഷണ കാലാവധി റമദാന്റെ മാസമാണ്. അല്ലാഹുവിന്റെ ദാസർ 30 ദിവസം നോമ്പെടുക്കുകയും വിശപ്പും ദാഹവും സഹിക്കുകയും തന്റെ ദേഹേച്ഛകളിൽ നിന്നെല്ലാം വിട്ടു നിൽക്കുകയും രാത്രികാലങ്ങളിൽ ഉറക്കമിളിക്കുകയും ദുആകൾ ചെയ്യുകയും വിശുദ്ധഖുർആൻ പാരായണം കൂടുതലായി നിർവ്വഹിക്കുകയും ദൈവസ്മരണയിൽ സമയം കഴിച്ചു കൂട്ടുകയും ചിലർ തറാവീഹ് നമസ്കാരം അനുഷ്ഠിക്കുകയും ചെയ്യുന്നു. ചുരുക്കത്തിൽ ഈ മുപ്പത് ദിനങ്ങൾ ആത്മീയമായ ആനന്ദത്തിന്റെയും അനുഭൂതികളുടെയും അസുലഭ സന്ദർഭങ്ങളാണ് പ്രധാനം ചെയ്യുന്നത്. ഇത് ശാരീരിക പരീക്ഷണത്തിന്റെ നാളുകൾക്കൂടിയാണ്. കാരണം ദൈവദാസർ ഈ ദിനങ്ങളിൽ വിശപ്പും ദാഹവും സഹിക്കുകയും ദേഹേച്ഛകളിൽ നിന്ന് വിട്ട് നിൽക്കുകയും ചെയ്യുന്നു. ഈ പരീക്ഷണം ഒരു മാസത്തിന് ശേഷം അവസാനിക്കുന്നു. തുടർന്ന് പെരുനാളിന്റെ (ഈദിന്റെ) സുന്ദര സുദിനം തന്റെ ദാസർക്കായി അല്ലാഹു കൊണ്ടു വരികയും ചെയ്യുന്നു. ഈ ഈദ് ദാസർക്ക് നൽകുന്ന സന്ദേശം അല്ലാഹുവിൽ നിന്ന് വരുന്ന പ്രയാസങ്ങൾ എപ്പോഴും താത്കാലികമായിരിക്കും എന്നതാണ്. അതിന് ശേഷം ഉടനെ സന്തോഷത്തിന്റെയും സുന്ദര സുദിനം സമാഗതമാകുന്നതാണ്. എന്നാൽ ദാസൻ തനിക്കായി സ്വയം വല്ല പ്രയാസവും വരുത്തിവെക്കുകയാണെങ്കിൽ ചിലപ്പോൾ അത് വളരെ ദൈർഘ്യമുള്ളതും ആ പ്രയാസം തലമുറ തലമുറയായി നിലനിൽക്കുന്നതും ആയിരിക്കും. ചിലപ്പോൾ നൂറ്റാണ്ടുകൾ തന്നെ ആ പ്രയാസം അവരുടെ തലക്കുമീതെ വട്ടം കറങ്ങിക്കൊണ്ടിരിക്കും. അവർക്ക് പെരുന്നാളിന്റെ ആ സുദിനം കാണാൻ കഴിയാതെ, അത് അവരിൽ നിന്ന് അകന്നകന്ന് പോകുന്നതുമായി മാറും.

അതുകൊണ്ട് ദാസർ മനസ്സിലാക്കേണ്ട ഒരു കാര്യം പരീക്ഷണ കാലം ദീർഘമായി നിലനിൽക്കുന്നുണ്ടെങ്കിൽ അതിന്റെ പിന്നിൽ തീർച്ചയായും ഏതെങ്കിലും വ്യക്തിയുടെ ന്യൂനതകളടങ്ങിയിരിക്കുന്നു എന്നാണ്. അതല്ലാതെ അല്ലാഹുവിൽ നിന്ന് ഒരിക്കലും ദീർഘമായ പരീക്ഷണം ഉണ്ടാവാറില്ല. അല്ലാഹുവിൽ നിന്ന് വരുന്ന പരീക്ഷണങ്ങളെല്ലാം താത്കാലികമായിരിക്കും. അൽപം കഴിഞ്ഞാൽ തന്റെ ദാസരിൽ അല്ലാഹു സന്തോഷത്തിന്റെ സുദിനമായ പെരുന്നാൾ പ്രകടമാക്കാൻ പോകുന്നതിനുള്ള ശുഭസൂചനകൾ പ്രകടമാക്കുന്നു. ഉദാഹരണത്തിന് ഹദ്റത്ത് റസൂലുല്ലാഹി (സ.അ) തിരുമേനിയുടെ ജീവിത കാലത്ത് സഹാബത്ത് ഇസ്ലാമിന്റെ പ്രചരണത്തിനായി അഹോരാത്രം പണിപ്പെടുകയും തിരുദൂതരെ പൂർണ്ണമായും അനുസരിക്കാൻ പരിശ്രമിക്കുകയും ചെയ്തു. അതിന്റെ ഫലമായി അവർക്ക് ഈദ് (ഇസ്ലാമിന്റെ വിജയം) പെട്ടെന്ന് വന്നണയുകയും ചെയ്തു. ഹദ്റത്ത് മൂസ (അ) ന്റെ സമൂഹത്തിന്റെ സംഭവങ്ങൾ പരിശോധിക്കുമ്പോൾ അവർക്കും എത്ര പെട്ടെന്ന് ഈദ് കൊണ്ടുവരുവാനാണ് അല്ലാഹു ഉദ്ദേശിച്ചത് എന്ന് മനസ്സിലാകുന്നു. പക്ഷെ അദ്ദേഹത്തിന്റെ സമൂഹം ആ പെരുന്നാൾ വേഗം അവരിൽ വരുന്നതിനെ തടയുകയാണ് ചെയ്യുന്നത്. അർളെ മുഖദ്ദസിൽ ഹദ്റത്ത് മൂസ (അ) ന്റെ ജീവിതത്തിൽ തന്നെ കൊണ്ടുപോകാൻ അല്ലാഹു ഉദ്ദേശിച്ചതായിരുന്നു. വിശുദ്ധഖുർആനിൽ നിന്നും മനസ്സിലാകുന്നത് 40 വർഷം മുമ്പെ അവരെ വാഗ്ദത്തഭൂമിയിൽ വിജയശ്രീലാളിതരായി പ്രവേശിക്കുമായിരുന്നു എന്നാണ്. പക്ഷെ ബനീഇസ്രായീല്യർ വിജയത്തെ പിന്നാമ്പുറം തള്ളുകയാണ് ചെയ്തത്. ചുരുക്കത്തിൽ അവിടെ അല്ലാഹു അവർക്ക് പെരുന്നാൾ സുദിനം നേരത്തെ കൊണ്ടുവരാൻ ഉദ്ദേശിച്ചില്ലെങ്കിലും ദാസർ അവരുടെ പ്രവർത്തന വൈകല്യങ്ങൾ ഹേതുവായി അതിനെ അകലത്തേക്ക് തട്ടിമാറ്റുകയാണ് ചെയ്യുന്നത്.

നമ്മുടെ ജമാഅത്ത് ഇവിടെ ചിന്തിക്കേണ്ടിയിരിക്കുന്നു. നാം നമ്മുടെ യഥാർത്ഥ ഈദിന്റെ (വിജയത്തിന്റെ ) ആ ദിനം വേഗത്തിൽ കൊണ്ടു വരാൻ ശ്രമിക്കുന്നുണ്ടോ അതോ അതിനെ തട്ടിമാറ്റുകയാണോ? പെരുന്നാൾ വരാനിരിക്കുന്നുണ്ടെന്ന പ്രതീക്ഷയില്ലാതെ സമൂഹത്തിന് തങ്ങളുടെ വിജയത്തെക്കുറിച്ച് സംശയം ഉണ്ടായേക്കാം. എന്നാൽ ഹദ്റത്ത് മൂസാ നബി (അ) സമൂഹത്തോടും ഹദ്റത്ത് ഈസാനബി (അ) ന്റെ സമൂഹത്തോടും ചെയ്തിരിക്കുന്നതുപോലുള്ള വിജയ വാഗ്ദാനം അല്ലാഹു നമ്മുടെ ജമാഅത്തിനോട് ചെയ്തിരിക്കുകയാൽ നമ്മുടെ ജമാഅത്തിന് വിജയത്തിൽ ഒരു സംശയത്തിനും അവകാശമില്ല. അതിനാൽ മുൻപ്രവാചകരുടെ കാലത്ത് പുലർന്നതുപോലെ ആ വിജയ വാഗ്ദാനം ഇവിടെയും പുലരേണ്ടതാണ്. കാരണം ഹദ്റത്ത് നൂഹ് (അ) ന്റെ കാലത്തുള്ള ആ ദൈവം, ഹദ്റത്ത് ഇബ്രാഹീം (അ) ന്റെ കാലത്തുള്ള ദൈവം ഇന്നുമുണ്ട്. അതുകൊണ്ട് അല്ലാഹുതആല അതിനായി തന്റെ സഹായവും പിന്തുണയും എന്തുകൊണ്ട് ഇറക്കുന്നതിൽ താമസം കാണിക്കുന്നുവെന്ന് നമ്മുടെ ജമാഅത്തിലുള്ളവർ ചിന്തിക്കേണ്ടതാണ്. ഈ സഹായവും പിന്തുണയും വൈകുന്നതിനുള്ള കാരണം നമ്മുടെ പോരായ്മകളും അശ്രദ്ധയും അലസതയുമാണെന്ന് തീർത്ത് പറയാവുന്നതാണ്. നമ്മുടെ അലസതകൾ നാം കൈവിടുകയാണെങ്കിൽ ഓരോ പ്രവാചകന്മാരുടെയും സമൂഹത്തിന് നേരിടേണ്ടിവന്നിട്ടുള്ള പരീക്ഷണങ്ങളുടേയും പരീക്ഷകളുടേയും കാലഘട്ടം തിരുനബി (സ) ന്റെ കാലഘട്ടം പോലെ നമുക്കും ചുരുക്കപ്പെടുന്നതാണ്.

അറേബ്യയെ ഇസ്ലാമിലേക്ക് പ്രവേശിപ്പിച്ചതിന് ശേഷമാണ് തിരുനബി(സ)യ്ക്ക് വഫാത്ത് സംഭവിച്ചത്. അതേപോലെ ലോകത്ത് ഇസ്ലാം വിജയിച്ചതിന് ശേഷമാണ് സഹാബാക്കൾക്ക് മരണം വന്നത്. മസീഹീപ്രകൃതത്തോട് വരുന്ന പ്രവാചകന്മാരോട് അല്ലാഹുവിന്റെ പെരുമാറ്റം മൂസവിപ്രകൃതത്തോടുകൂടി വരുന്ന പ്രവാചകന്മാരിൽനിന്നും നിശ്ചയമായും വ്യത്യസ്ഥമാണ്. മൂസവി പ്രകൃതത്തോടുകൂടി വരുന്ന പ്രവാചകന്മാർക്ക് ഭരണം പെട്ടെന്ന് ലഭിക്കുന്നു. കാരണം അവരുടെ ജീവിതകാലത്ത് തന്നെ ശരീഅത്ത് പ്രയോഗികതലത്തിൽ നടപ്പിൽ വരണമെന്ന് അല്ലാഹു ആഗ്രഹിക്കുന്നു. എന്നാൽ മസീഹീപ്രകൃതരായ പ്രവാചകന്മാർ പുതിയ ശരീഅത്തുമായി വരാത്തതുകൊണ്ടും അവർ മുൻശരീഅത്തിന്റെ പ്രചാരകർ മാത്രമായതുകൊണ്ടും അവർക്ക് ഭരണം ലഭിക്കണമെന്നില്ല. അതി

നാൽ അവരുടെ ജമാഅത്തിനോട് സ്നേഹത്തോടും സൗഹാർദ്ദത്തോടും സഹവർത്തിത്ത്വത്തോടും തബ്‌ലീഗ് ചെയ്തുകൊണ്ടിരിക്കുകയും ശത്രുക്കളുടെ എതിർപ്പുകൾക്കുനേരെ സഹനം കൈകൊള്ളാൻ ആജ്ഞാപിക്കപ്പെടുകയും ചെയ്യുന്നു. അങ്ങിനെ മറ്റുള്ളവരെ അപേക്ഷിച്ച് വിജയത്തിന്റെ നാളുകൾ അല്ലാഹു അവരുടെ അനുയായികൾക്ക് വൈകിപ്പിക്കുന്നു.

ഹദ്റത്ത് മസീഹ് മൗഊദ് (അ) മസീഹീ പ്രകൃതത്തോടുകൂടി വന്ന പ്രവാചകനായതുകൊണ്ട് തിരുനബി (സ) ക്ക് ലഭിച്ച വിജയ കാലഘട്ടത്തേക്കാളും തീർച്ചയായും അദ്ദേഹത്തിന്റെ വിജയ കാലം ദൈർഘ്യമുള്ളതുതന്നെയായിരിക്കും. എന്നിരുന്നാലും ഹദ്റത്ത് ഈസ മസീഹിന് ലഭിച്ച അത്രത്തോളം കാലം ഇത് നീണ്ടു പോകണമെന്നില്ലല്ലോ? തിരുനബി (സ) യ്ക്കും ഹദ്റത്ത് മൂസാനബി(അ) നും തമ്മിൽ സാദൃശ്യമുണ്ട്. എന്നാലും ഹദ്റത്ത് മൂസാനബി (അ) ന്റെയും തിരുനബി (സ) യുടേയും വിജയകാലം തുല്ല്യമായിരുന്നില്ല. ഹദ്റത്ത് മൂസാനബി (അ) ന്റെ സമൂഹത്തിന് വാഗ്ദത്ത ഭൂമി വിജയിച്ചടക്കാൻ എമ്പത് തൊണ്ണൂറ് വർഷം വേണ്ടിവന്നു. എന്നാൽ തിരുനബി (സ) യുടെ കാലത്ത് സഹാബാക്കൾക്ക് ഏകദേശം ഇരുപത് വർഷം മാത്രമേ വേണ്ടിവന്നുള്ളൂ. ഈ കാലഘട്ടം 25% മായി ചുരുങ്ങുകയും 75% കുറവ് വരികയും ചെയ്തു. നാമും സഹാബാക്കളുടെ മാർഗം പിൻപറ്റിക്കൊണ്ട് പരിശ്രമനിരതരാവുകയാണെങ്കിൽ തിരുസഹാബത്തിന് വെളിപ്പെടുത്തിയതുപോലുള്ള അടയാളം നമുക്കായും അല്ലാഹു വെളിപ്പെടുത്തേണ്ടതാണ്. അങ്ങിനെ നമുക്ക് വിജയം ഈസ മസീഹിന്റെ സമൂഹത്തിന് ലഭിച്ചതിന്റെ നാലിലൊന്ന് ഭാഗം കാലയളവിൽ ലഭിക്കേണ്ടതാണ്.

ഇന്നേക്ക് 50 വർഷം മുമ്പ് (1940 ലെ ഖുത്ബുബ) ഖാദിയാനിൽ നിന്ന് കൊണ്ട് എന്റെ ദൈവം എന്നോട് സംസാരിക്കുന്നുണ്ടെന്നും ലോകരെ നേർമാർഗത്തിലേക്ക് നയിക്കാൻ അല്ലാഹു എന്നെ നിയമിച്ചിട്ടുണ്ടെന്നും പറഞ്ഞ് ലോകത്തോട് പ്രഖ്യാപിച്ചത് ഏകനായ ഒരു വ്യക്തിയായിരുന്നു. അദ്ദേഹത്തിന്റെ അയൽവാസികളും ബന്ധുമിത്രാദികളും സുഹൃത്തുകളും എല്ലാം ഈ ശബ്ദം കേൾക്കുകയും അതിശക്തമായ രീതിയിൽ അതിനെ പുച്ഛിച്ചുതള്ളുകയും ചെയ്യുകയുണ്ടായി. നീ കളവാണ് പറയുന്നതെന്നും ഞങ്ങളെല്ലാം ഒത്തുചേർന്ന് നിന്നെ തകർക്കുന്നതാണെന്നും അവർ പ്രഖ്യാപിച്ചു. ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്റെ യുവത്വകാലത്തെ സുഹൃത്തും ആ മഹാത്മാവുമായി നിരന്തരം ബന്ധം പുലർത്തുകയും ചെയ്തിരുന്ന മുഹമ്മദ് ഹുസൈൻ ബട്ടാലവി, വാഗ്ദത്ത മസീഹിന്റെ ഉപന്യാസങ്ങളെ പുകഴ്ത്തിപ്പറഞ്ഞിരുന്ന വ്യക്തി, ഈ വാദം കേട്ടയുടനെ പ്രഖ്യാപിച്ചത് ഞാനാണ് ഇദ്ദേഹത്തെ ഉയർത്തിയത് എന്നും ഇദ്ദേഹത്തെ ഞാൻ തന്നെ തകർക്കുന്നതാണ് എന്നുമാണ്. എന്നാൽ പ്രതാപഗരിമയിൽ വിരാചിച്ചിരുന്ന മുഹമ്മദ് ഹുസൈൻ ബട്ടാലവി ഞാൻ ഒരാളെ തകർക്കുന്നതാണ് എന്ന് ആ കാലത്ത് പ്രഖ്യാപിച്ചാൽ ആ വ്യക്തി തകർക്കപ്പെടില്ലെന്ന് ആർക്കാണ് പറയാൻ സാധിക്കുമായിരുന്നത്.

മാത്രമല്ല ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്റെ ബന്ധുക്കൾ അന്ന് പത്രങ്ങളിൽപോലും പ്രസിദ്ധീകരിച്ചിരുന്ന ആക്ഷേപം ഇദ്ദേഹം ഇവിടെ പുതിയ വാദത്തിന്റെ പേരുംപറഞ്ഞ് പുതിയ ബിസിനസ് തുടങ്ങിയിരിക്കുകയാണെന്നാണ്. അതിനാൽ ആരും ഇതിലേക്ക് ശ്രദ്ധിക്കരുതെന്നും അവർ തട്ടിവിട്ടു. അങ്ങിനെ മുഴുവൻ ആളുകളെയും അവർ തെറ്റിദ്ധരിപ്പിക്കാൻ ശ്രമിക്കകയുണ്ടായി. ഇത് മാത്രമോ അന്ന് വയലിൽ ജോലി ചെയ്തിരുന്ന പലരും അദ്ദേഹത്തിന് ജോലി ചെയ്യുന്നതിൽ നിന്നുപോലും വിട്ടുനിന്നു. ഇതിന്റെ പിന്നിൽ പ്രവർത്തിച്ചതും അദ്ദേഹത്തിന്റെ ബന്ധുക്കളായിരുന്നു. ചുരുക്കത്തിൽ സ്വന്തക്കാരും അന്യരും എല്ലാം ഒത്തൊരുമിച്ചുകൊണ്ട് ആ മഹാത്മാവിനെ തുടച്ചുനീക്കാനും തകർക്കാനും ശ്രമിച്ചെങ്കിലും തന്റെ ദാസനോട് അല്ലാഹു ഇപ്രകാരം സ്വാന്തനം നൽകിക്കൊണ്ട് പറഞ്ഞു; **ലോകത്ത് ഒരു നബി വന്നു എന്നാൽ ലോകം അദ്ദേഹത്തെ സ്വീകരിച്ചില്ല. എന്നാൽ അല്ലാഹു അദ്ദേഹത്തെ സ്വീകരിക്കുന്നതും അതിശക്തമായ അക്രമണങ്ങളാൽ അദ്ദേഹത്തിന്റെ സത്യത്തെ വെളിപ്പെടുത്തുകയും ചെയ്യുന്നതാണ്.**

ആരോരുമില്ലാത്ത, ഒന്നിനുംകഴിയാത്ത ഒരു വ്യക്തി, ആഴ്ചയിൽ ഒരിക്കൽ മാത്രം കത്തുകൾ എത്തിയിരുന്ന ഒരു പ്രൈമറി സ്കൂൾ പോലും ഇല്ലാത്ത, ഒരു രൂപയുടെ ആട്ടപോലും കിട്ടാത്ത തനി കുഗ്രാമമായിരുന്ന ഖാദിയാനിൽ നിന്ന് കൊണ്ട് ഒരു മൗലവിയോ ഭൗതികമായ സ്വത്തോ ഒന്നും തന്നെയില്ലാത്ത ഒരു നിസ്സാര മനുഷ്യൻ - (ഹദ്റത്ത് മസീഹ് മൗഊദ് (അ) ഒരു ആദരണീയ കുടുംബത്തിലെ അംഗമായിരുന്നു. എന്നിരുന്നാലും രാജാക്കന്മാരേയും നവാബുമാരേയും പോലെ കുറേ സ്വത്തൊന്നും ഉണ്ടായിരുന്നില്ല.) - എഴുന്നേറ്റ് നിന്നുകൊണ്ട് ലോകത്തോട് പ്രഖ്യാപിക്കുകയാണ്; ആ പ്രഖ്യാപനത്തിൽ ആദ്യമേ തന്നെ പറയുന്നത് എന്റെ നാമം അല്ലാഹു ലോകത്തിന്റെ കോണുകളോളം എത്തിക്കും എന്നാണ്. എന്നാൽ ഇന്ന് ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്റെ നാമം കോണുകളോളം എത്തിയിട്ടില്ലെന്ന് ആർക്കാണ് പറയാൻ സാധിക്കുക? അദ്ദേഹത്തിൽ വിശ്വസിച്ചവർ ഇന്ന് ലണ്ടനിലുണ്ട്. അവർ അദ്ദേഹത്തിന് വേണ്ടി ദുആ ചെയ്യുകയും അനുഗ്രഹാശംസകൾ നടത്തുകയും ചെയ്യുന്നു. അമേരിക്കയിലും ആയിരക്കണക്കിനുപേർ ഹദ്റത്ത് മസീഹ് മൗഊദ് (അ) ൽ വിശ്വസിച്ചവരായിട്ടുണ്ട്. അവിടെ നിന്ന് ഓരോ ആഴ്ചയും ആത്മാർത്ഥത നിറഞ്ഞ കത്തുകൾ എനിക്ക് ലഭിച്ചുകൊണ്ടിരിക്കുന്നു. ജാവയിലും സമാട്രയിലും വെസ്റ്റ് ആഫ്രിക്കയിലും അദ്ദേഹത്തിൽ വിശ്വസിക്കുന്ന ആയിരക്കണക്കിനുപേരുണ്ട്. ഇതേപോലെ ഈസ്റ്റ് ആഫ്രിക്കയിലും മിസ്റിലും ശാമിലും ഫലസ്തീനിലും അറബിലും ഇറ്റലിയിലും ഇറാനിലും ചൈനയിലും ജപ്പാനിലും റഷ്യയിലെ പ്രദേശങ്ങളിലും നോർത്ത് അമേരിക്കയിലും അർജന്റീനയിലും എല്ലാം ആ മഹാത്മാവിൽ വിശ്വസിക്കുന്നവരെ നമുക്ക് കാണാം.

ചുരുക്കത്തിൽ ലോകത്തിന്റെ എല്ലാ കോണിലും അദ്ദേഹത്തിന്റെ നാമം എത്തിയിരിക്കുന്നു. എന്നാൽ ഇന്നേക്ക് 50 വർഷം മുമ്പ് അദ്ദേഹത്തിന് ഇവ്വിധം ഖ്യാതി ലഭിക്കും എന്ന് ആർക്കെങ്കിലും പറയാൻ സാധിക്കുമായിരുന്നോ? ഈ വിജയം ഒരു പ്രയാസവും സഹിക്കാതെയല്ല ലഭിച്ചിരിക്കുന്നത്. സ്വന്തക്കാരിൽനിന്നും അന്യരിൽ നിന്നും പ്രജകളിൽനിന്നും ഭരണകർത്താക്കളിൽ നിന്നും എല്ലാം ദുഃഖങ്ങൾ അദ്ദേഹത്തിന് സഹിക്കേണ്ടതായി വന്നിട്ടുണ്ട്. അക്കാലത്ത് ഖാദിയാനിൽ വരുന്ന ഓരോ അഹ്മദിയെയും ഗവൺമെന്റ് പ്രത്യേകം നോട്ടമിട്ടിരുന്നു. അവിടെ വരുന്ന ഓരോ അതിഥിയുടേയും വിശദവിവരങ്ങൾ കുറിച്ചുവെക്കുന്നതിനായി ഖാദിയാനിൽ ഒരു കോൺസ്റ്റബിളിനെതന്നെ ഗവർമെന്റ് പ്രത്യേകം നിയമിച്ചിരുന്നു. അന്ന് ഗവൺമെന്റിന്റെ കണ്ണിൽ കുറ്റവാളികളുടെ ഒരു സ്ഥലമായാണ് ഖാദിയാൻ കരുതപ്പെട്ടിരുന്നത് . ഈ എതിർപ്പുകളുടെ നാളുകൾ കുറേ നീണ്ടുനിന്നു. എന്നാൽ ഹദ്റത്ത് മസീഹ്

മൗഊദ് (അ) ഓരോരുത്തരേയായി തന്നിലേക്ക് അടുപ്പിച്ചുകൊണ്ടിരുന്നു. അങ്ങിനെ ഇന്ന് ഖാദിയാനിൽ കാണുന്ന അത്രയും പേർ ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്റെ കാലത്തെ ഒരു ജൽസാ സാലാനയിൽ പോലും ഒരുമിച്ചുകൂടാറുണ്ടായിരുന്നില്ല. ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്റെ കാലത്ത് സംഘടിപ്പിക്കപ്പെട്ട അവസാന ജൽസാ സാലാനയിൽ 700 ന് അടുത്ത് അംഗങ്ങളാണ് പങ്കെടുത്തിരുന്നത്. അത്രപേർ ഒരുമിച്ചുകൂടിയത് തന്നെ അന്ന് ഒരു വലിയ അടയാളമായാണ് പറഞ്ഞിരുന്നത്. മാത്രമല്ല ഒരു ദിവസം ഹദ്റത്ത് മസീഹ് മൗഊദ് (അ) നടക്കാൻ പോയപ്പോൾ അൽപം ദൂരം നടന്നശേഷം വേഗം തിരിച്ചുവരികയുണ്ടായി. എന്നിട്ട് പറഞ്ഞു; ഇത്ര വലിയ ജനക്കൂട്ടത്തോടൊപ്പം നടക്കുക എന്നത് പ്രയാസകരമായ കാര്യമാണ്. എന്നിട്ടു പറഞ്ഞു. എന്റെ മരണസമയം അടുത്തിരിക്കുന്നതായി തോന്നുന്നു. കാരണം അല്ലാഹു പ്രവാചകന്മാർക്ക് മരണം നൽകുന്നത് അവരുടെ പ്രസ്ഥാനം വിജയിച്ചുകൊണ്ടിരിക്കുന്ന അവസ്ഥയിലാണ്. ചുരുക്കത്തിൽ അന്ന് 700 പേർ വരിക എന്നത് തന്നെ അല്ലാഹുവിന്റെ ഒരു വലിയ അടയാളമായാണ് കണ്ടിരുന്നത്. എന്നാ ൽ ഇന്ന് ഖാദിയാനിൽ നടക്കുന്ന ചെറിയ ചെറിയ പരിപാടിക്കുപോലും മൂവായിരവും നാലായിരവും ആളുകൾ ഒരുമിച്ചു കൂടുന്നു. അന്ന് 700 പേർ ഒരുമിച്ചുകൂടിയതിനെ അടയാളമായി കണ്ടപ്പോൾ ഇപ്പോൾ ജൂബിലി ജൽസയിൽ (1939) 42000 പേരാണ് പങ്കെടുത്തത്.

ഇത് അത്ഭുതകരമായ വിജയം ആണെന്നതിൽ ഒരു സംശയവുമില്ല. എന്നാൽ ഈ വിജയം കണ്ട്കൊണ്ട് ലോകം ഇനി അഹ്മദിയ്യത്തിനെ എതിർക്കുന്നതിൽ നിരാശരായിരിക്കുന്നു എന്ന് പറയാനുള്ള അവസ്ഥയൊന്നും കൈവരിച്ചിട്ടില്ല. ഞാൻ പറയുന്ന വിജയം എന്നത് അഹ്മദിയ്യത്തിനെ നേരിടാൻ ഇനി ഞങ്ങൾക്ക് കഴിയില്ല എന്ന് ജനങ്ങൾ സമ്മതിക്കുന്ന, നേരിടുന്നതിൽ നിരാശരായിത്തീരുന്ന വിജയമാണ്. ഈ ഒരവസ്ഥ നമുക്കിപ്പോൾ ഖാദിയാനിൽ പോലും സംജാതമായിട്ടില്ല. ലോകത്തിന്റെ നാനാ ദിക്കിലുമുള്ളവർ **ലാഇലാഹ ഇല്ലല്ലാഹ് മുഹമ്മദു റസൂലുല്ലാഹ്** എന്ന് പറഞ്ഞുകൊണ്ട് അഹ്മദിയ്യത്തിൽ പ്രവേശിക്കാതെ ഇത് സംജാതമാകുന്നതല്ല. ഇന്ത്യക്കാർ മാത്രമല്ല, ഏഷ്യക്കാരും ആഫ്രിക്കക്കാരും അമേരിക്കക്കാരും ലോകത്തുള്ള എല്ലാ ഭൂഖണ്ഡങ്ങളിലുമുള്ള ജനങ്ങൾ അഹ്മദിയ്യത്തിന്റെ പതാകക്ക് കീഴെ വരാത്തിടത്തോളം കാലം അഹ്മദിയ്യത്തിന് വിധിച്ചിരിക്കുന്ന വിജയം കരഗതമാകുന്നതല്ല.

അതുകൊണ്ട് ഓരോ അഹ്മദിയും തബ്ലീഗ് പ്രവർത്തനത്തിൽ ഒരു ജീവൽമരണ പോരാട്ടം നടത്തേണ്ടിയിരിക്കുന്നു. തങ്ങളുടെ ബന്ധുക്കളിൽ തബ്ലീഗ് നടത്താൻ കഴിയുന്നവർ ബന്ധുക്കൾക്കിടയിൽ തബ്ലീഗ് നടത്തട്ടെ. അന്യരിൽ തബ്ലീഗ് നടത്താൻ കഴിയുന്നവർ അങ്ങനെ ചെയ്യട്ടെ. തന്റെ രാജ്യത്തിനകത്ത് തബ്ലീഗ് നടത്താൻ കഴിയുന്നവർ സ്വന്തം രാജ്യത്ത് തബ്ലീഗ് ചെയ്യട്ടെ. പുറം രാജ്യങ്ങളിൽ തബ്ലീഗ് ചെയ്യാൻ കഴിയുന്നവർ അവിടെയും ചെയ്യട്ടെ.

ചുരുക്കത്തിൽ, ഓരോ അഹ്മദിയും ഉന്മാദത്തോടുകൂടി തബ്ലീഗ് പ്രവർത്തനങ്ങളിൽ മുഴുകുക. അല്ലാഹു തന്റെ ഏതൊരു പ്രകാശത്താൽ നമ്മുടെ നയനങ്ങളെ പ്രഭാപൂരിതമാക്കിയോ ആ പ്രകാശം മറ്റുള്ളവരിൽ എത്തിക്കുക. ആദമിന്റെ മക്കളായതുകൊണ്ട് ലോകത്തുള്ള എല്ലാവരും നമ്മുടെ സഹോദരന്മാരാണ്.അതുകൊണ്ട് നമ്മുടെ സ്വത്തിൽ അവരേയും പങ്കാളികളാക്കേണ്ടത് നമ്മു ടെ കടമയാണ്. അല്ലാഹു നൽകിയിരിക്കുന്ന സ്വത്ത് നമ്മുടേത് മാത്രമല്ല. അത് എല്ലാവർക്കും അവകാശപ്പെട്ടതാണ്. അവർ നമ്മോട് അവരുടെ സ്വത്ത് ചോദിക്കുന്നില്ലെങ്കിലും അവർക്ക് നൽകാതിരിക്കുക എന്നത് മാന്യതയല്ല. തന്റെ സഹോദരന്മാർക്ക് അവരുടെ അവകാശം നൽകാത്തിടത്തോളം കാലം മാന്യന്മാർക്ക് സംതൃപ്തി വരില്ല.

അതിനാൽ നമ്മിൽ ഒരു വലിയ ഉത്തരവാദിത്വമാണ് അർപ്പിതമായിരിക്കുന്നത്. ഒരു വലിയ അമാനത്ത് നമ്മേ ഏൽപ്പിച്ചിരിക്കുകയാണ്. ഈ അമാനത്ത് ആദമിന്റെ ഓരോ മക്കൾക്കും അവകാശപ്പെട്ടതാണ്. ഈ ഹിദായത്ത് ഓരോ വ്യക്തിയിലും എത്തിക്കാത്തിടത്തോളം അല്ലാഹുവിന്റെ മുമ്പിൽ നമ്മുടെ മുഖം രക്ഷിക്കാൻ നമുക്ക് സാധ്യമല്ല.

അതുകൊണ്ട് ഈ പെരുന്നാൾ സുദിനത്തിൽ എല്ലാ സുഹൃത്തുക്കളോടും എനിക്കപേക്ഷിക്കാനുള്ളത് തബ്ലീഗ് രംഗത്ത് ഇന്ന് മുതൽ മുമ്പത്തേക്കാളുപരി ശ്രദ്ധിക്കണം എന്നതാണ്. എവിടെയെല്ലാം നമ്മുടെ ജമാഅത്ത് നിലവിലുണ്ടോ അവിടെയുള്ളവരെല്ലാം തബ്ലീഗ് പ്രവർത്തനത്തിൽ മുഴുകേണ്ടതാണ്. അങ്ങിനെ മുഴുലോകത്തേയും ഇസ്ലാമിന്റെ പതാകയ്ക്കു കീഴെ കൊണ്ടു വരുന്നതിൽ വിജയം വരിക്കാൻ നമുക്ക് സാധിക്കുമാറാകട്ടെ. ലോകത്ത് ഒരേ ഒരു മതവും ഒരേ ഒരു നേതാവും ആയിത്തീരട്ടെ. ഒന്നാം ആദമിനെപ്പോലെ രണ്ടാം ആദമും ലോക ജനതയെ ഒരൊറ്റ കയ്യിൽ വീണ്ടും കോർത്തിണക്കട്ടെ. അങ്ങിനെ ദൈവരാജ്യം ആകാശത്തുള്ളതുപോലെ ഭൂമിയിലും നടപ്പിൽ വരട്ടെ. മലക്കുകൾ അല്ലാഹുവിന്റെ പരിശുദ്ധിയെ വാഴ്ത്തുന്നതു പോലെ മാനവ സമൂഹവും അവന്റെ പരിശുദ്ധിയെ പ്രകീർത്തനം ചെയ്യുമാറാകട്ടെ .

ഞാൻ ദുആ ചെയ്യുന്നു; നിങ്ങളും എന്നോടൊപ്പം ദുആ ചെയ്യുക. അല്ലാഹു നമ്മുടെ പോരായ്മകളും അലസതകളും അകറ്റുമാറാകട്ടെ. അവന്റെ പ്രഭാപൂരിതമായ മുഖത്തെ ലോകം മുഴുവനും പ്രദർശിപ്പിക്കാൻ നമുക്ക് കഴിയുമാറാകട്ടെ. ഇസ്ലാം ലോകം മുഴുവനും വ്യാപിക്കുമാറാകട്ടെ. നമ്മുടെ നാവിൽ അല്ലാഹു അനുഗ്രഹം ചൊരിയുമാറാകട്ടെ. നമ്മുടെ വാക്കുകൾ മറ്റുള്ളവരിൽ സ്വാധീനം ഉണ്ടാക്കുന്നതായിത്തീരട്ടെ. നമ്മുടെ ഒരോ ചുവടും അസത്യത്തിലും അക്രമത്തിലും വഞ്ചനയിലും ആകാതിരിക്കാൻ നമ്മുടെ ഹൃത്തടത്തിൽ സത്യത്തിന് സ്ഥാനം ലഭിക്കുമാറാകട്ടെ. മാനവരാശിയോടുള്ള സഹാനുഭൂതി നാമോരോരുത്തരുടേയും ഹൃദയത്തിൽ ആഴ്ന്നിറങ്ങട്ടെ. അഹങ്കാരത്തിൽ നിന്നും അക്രമത്തിൽ നിന്നും അല്ലാഹു നമ്മേ രക്ഷിക്കുമാറാകട്ടെ. നമ്മുടെ ഹൃദയത്തിൽ സ്നേഹവും വാത്സല്യവും ആർദ്രതയും ഉണ്ടാക്കുമാറാകട്ടെ. ദൈവപ്രേമത്താൽ നമ്മുടെ ഹൃദയം നിറഞ്ഞു തുളുമ്പുമാറാകട്ടെ. അങ്ങിനെ നമ്മുടെ ദീനും ദുൻയാവും ശരിയായിത്തീരട്ടെ. നമ്മുടെ മാത്രമല്ല, ലോക ജനതയുടെ ദീനും ദുൻയാവും ശരിയായിത്തീരട്ടെ.

(അൽ ഫസിൽ 13/11/1940 )


വിവർത്തനം
എം. നാസിർ അഹ്മദ്, കൊടിയത്തൂർ
മുബല്ലിഗ് – എറണാകുളം
PHONE : 9497343704

EID KHUTHBA:
HADHRAT MIRZA MAHMAOOD AHMAD ( R )
KHALIFATHUL MASIH - II
on 02/11/1940
at Qadian

Page Layout & Type Set: Majlis Khuddamul Ahmadiyya, Kozhikode
Published by : **Majlis Khuddamul Ahmadiyya, Kerala**